# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *410 — 04.02.2014-ൽ മറുപടിയ്ക്ക്

## റോഡ് അറ്റകുറ്റപ്പണികളുടെ ആവർത്തന ചെലവുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.എ.മാധവൻ<br>,, ആർ.സെൽവരാജ്<br>,, വി.റ്റി.ബൽറാം<br>,, പി.സി.വിഷ്ണുനാഥ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ ഭാരിച്ച വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>(ബി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി മറ്റുള്ളവയുടെ കാര്യത്തിലും പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | **(എ), (ബി) & (സി) :**<br><br>റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹൈവേകളും, മറ്റുപ്രധാന റോഡുകളും ബി.എം & ബി.സി ചെയ്ത് ബലപ്പെടുത്തുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ചിട്ടുള്ളത്. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡ്, കെ.എസ്.റ്റി.പി, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള മുതലായ ഏജൻസികൾ വഴി അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ പുതുതായി നടപ്പിലാക്കുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ, കെ.എസ്.ടി.പി - രണ്ട് പദ്ധതിയിൽ വരുന്ന റോഡുകൾ, കേരളാ റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കുന്ന നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ മുതലായവ ഈ രീതിയിൽ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ